## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3411

10.12.2018-ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കായി നഷ്ടപരിഹാര പാക്കേജ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | പ്രളയത്തോടനുബന്ധിച്ച് മലപ്പുറം ജില്ലയിലെ കൂട്ടായി അഴിമുഖം ഭാഗത്തുണ്ടായ അപ്രതീക്ഷിത കുത്തൊഴുക്കിൽ വള്ളിക്കുന്ന് മുതൽ പൊന്നാനി വരെയുള്ള ഭാഗങ്ങളിലെ നിരവധി മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും അനുബന്ധ മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടതുമൂലം അവർ ദുരിതം അനുഭവിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരൂർ പുഴയിലും ഭാരതപ്പുഴയിലും അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തിൽ അവിടുത്തെ നിർദ്ധനരായ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങളെല്ലാം നഷ്ടപ്പെട്ട സാഹചര്യത്തിൽ അവർക്ക് മതിയായ നഷ്ടപരിഹാര പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണിക്കുമോ? | (ബി) | 13.07.2018-ന് മലപ്പുറം ജില്ലയിൽ പൊന്നാനി, കൂട്ടായി ഭാഗങ്ങളിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഏകദേശം തത്തുല്യമായ നഷ്ടപരിഹാരത്തുക നല്കുന്നതിന് 07.09.2018 ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അന്നത്തെ കടൽക്ഷോഭത്തിൽ തകർന്ന 39 യാനങ്ങൾക്ക് 2,30,74,585 രൂപയുടെ (രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ) നഷ്ടമുണ്ടായതായി ഫിഷറീസ് വകുപ്പിന്റെ ജില്ലാ തല ഇവാല്യുവേഷൻ സമിതി ശുപാർശ ചെയ്തത് പരിശോധിച്ചു വരുന്നു. തുടർനടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ